




അറുപത് വർഷത്തെ വ്യവസായവത്കരണം, വ്യവസായശാലകളുടെ കേന്ദ്രീകരണം, വ്യവസായ മാലിന്യസംസ്കരണത്തിലെ പോരായ്മകൾ എന്നിവ മൂലം അങ്ങേയറ്റം മലിനീകരിക്കപ്പെട്ട ഒരു പ്രദേശമാണ് എലൂർ-എടയാർ വ്യവസായമേഖല. ഏറ്റവും കൂടുതൽ മലിനീകരിക്കപ്പെട്ട പ്രദേശങ്ങളിൽ ലോകത്തിലെ 35-ാമത്തെയും ഇന്ത്യയിലെ മൂന്നാമത്തെയും സ്ഥാനമുള്ള ഈ സ്ഥലത്തെ പ്രദേശിക ജനസമൂഹം നാളുകളായി ആവാസവ്യവസ്ഥ തിരിച്ചുപിടിക്കാനുള്ള ജീവിത സമരത്തിലാണ്

# ഏലൂർ എടയാർ
# മാരക മലിനീകരണപ്രദേശങ്ങൾ

പുരുഷൻ ഏലൂർ

മണ്ണും ജലവും വായുവും പൂർണമായും മലിനീകരിക്കപ്പെട്ട് ജീവിതം ദുരിതപൂർണമായ അവസ്ഥയിൽ നിന്നാണ് എഴുപതുകളുടെ തുടക്കത്തിൽ ഏലൂർ സമരപാതയിലേക്കിറങ്ങുന്നത്. പഠനവും പ്രക്ഷോഭവും ജനജാഗ്രതയും സമന്വയിക്കുന്ന ബഹുമുഖപ്രവർത്തനങ്ങൾ ചെറിയതോതിലെങ്കിലും മാറ്റങ്ങൾക്ക് കാരണമായിരിക്കുന്നു. ഇനിയും ഏറെ മുന്നോട്ടുപോകാനുണ്ടെന്ന ബോധ്യത്തിൽ ഏലൂരിലെ ജനത ജാഗരൂകരായിരിക്കുന്നു.

അറുപത് വർഷത്തെ വ്യവസായവത്കരണം, വ്യവസായശാലകളുടെ കേന്ദ്രീകരണം, വ്യവസായ മാലിന്യസംസ്കരണത്തിലെ പോരായ്മകൾ എന്നിവ മൂലം അങ്ങേയറ്റം മലിനീകരിക്കപ്പെട്ട ഒരു പ്രദേശമാണ് എലൂർ-എടയാർ വ്യവസായമേഖല. ഏറ്റവും കൂടുതൽ മലിനീകരിക്കപ്പെട്ട പ്രദേശങ്ങളിൽ ലോകത്തിലെ 35-ാമത്തെയും ഇന്ത്യയിലെ മൂന്നാമത്തെയും സ്ഥാനമാണ് ഈ മേഖലയ്ക്കുള്ളത്. 2010 ജനുവരിയിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പുറത്തിറക്കിയ പ്രസ്താവനയിൽ രാജ്യത്തെ 43-ഓളം വ്യവസായ നഗരങ്ങൾ പഠനവിധേയമാക്കിയതിൽ ഏറ്റവും കൂടുതൽ മലിനീകരിക്കപ്പെടുന്ന വ്യവസായ ഒന്നായി വിശാല കൊച്ചി മേഖലയെ വിലയിരുത്തിയിരുന്നു. ഇത് പിന്നീട് ഏലൂർ, എടയാർ മേഖല മാത്രമായി കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയം ചുരുക്കി. ഇതിന്റെ അടിസ്ഥാനത്തിൽ വരുന്ന 8 മാസത്തേക്ക് പുതിയ വ്യവസായ സംരംഭങ്ങൾക്ക് മന്ത്രാലയം നിരോധനം ഏർപ്പെടുത്തിയിരി ക്കുകയാണ്.

മണ്ണും വെള്ളവും വായുവും ഭീതിജനകമായി മലിനീകരിക്കപ്പെട്ട ഈ പ്രദേശത്ത് അധിവസിക്കുന്ന ജനങ്ങളുടെയും ജന്തുജീവജാലങ്ങളുടെയും പ്രകൃതിയുടെ തന്നെയും ആവാസ വ്യവസ്ഥ അത്യന്തം അപകടകരമായ അവസ്ഥയിലാണ്. വർഷങ്ങളോളം വിഷമയമായി ഒഴുകിയ പെരിയാർ, ഘനലോഹങ്ങളടക്കം മാരകമായ രാസ മാലിന്യങ്ങൾ അടിഞ്ഞു കൂടിയ പെരിയാറിന്റെ അടിത്തട്ട് ഇവ ഏലൂർ എടയാർ മേഖലയെ മാത്രമല്ല സമീപ കാർഷിക മത്സ്യബന്ധന ഗ്രാമങ്ങളെ കൂടി ദുരിതത്തിലാഴ്ത്തിയിരിക്കുകയാണ്. 92 ശതമാനം ജലസ്രോതസ്സുകളുടെയും സമ്പൂർണ്ണമായ മലിനീകരണം, ഭൂമിയിലെ ഉപരിതലത്തിൽ 2 മീറ്റർ വരെ താഴ്ചയിൽ സ്ഥാവര കാർബണികവസ്തുക്കളുടെയും (പോപ്സ്) ഘനലോഹങ്ങളുടെയും സാന്നിധ്യം, വായുവിൽ ഡയോക്സിൻ ഇൻഡിക്കേറ്റർ ആയ ഹെക്സാക്ലോറോ ബ്യൂട്ടാ ഡൈൻ എന്നിവയുൾപ്പെടെയുള്ള വിഷസംയുക്തങ്ങൾ, നിരന്തരം ക്ഷയിച്ചുകൊണ്ടിരിക്കുന്ന ജനങ്ങളുടെ ആരോഗ്യം എന്നിവ ദുരന്തപൂർണ്ണമായ ഒരു ഭാവിയാണ് ഏലൂരിന് സമ്മാനി ക്കുന്നത്.

ഇതിനിടയിലും ചില മാതൃകകൾ നമുക്ക് പ്രതീക്ഷ നൽകുന്നുണ്ട്. കേന്ദ്ര പൊതുമേഖല സ്ഥാപനമായ എഫ്.എ.സി.ടി. വായുമലിനീകരണം നിയന്ത്രിക്കാൻ ഏർപ്പെടുത്തിയ സ്ക്രബർ സംവിധാനമടക്കമുള്ള സാങ്കേതികവിദ്യകൾ, ടി.സി.സി. ഉത്പാദന സാങ്കേതികവിദ്യയിൽ വരുത്തിയ മാറ്റങ്ങളെല്ലാം മറ്റു കമ്പനികൾക്കും മാതൃകയാകേണ്ടതുണ്ട്.

1972-ൽ കുഞ്ഞപ്പൻ ചേട്ടൻ തുടങ്ങി വച്ച ഏലൂരിലെ മലിനീകരണത്തിനെതിരായ സമരം 1990 കളിൽ പുതിയ തലമുറ ഏറ്റെടുക്കുകയും 1998 ആകുമ്പോഴേക്കും പെരിയാർ മലിനീകരണ വിരുദ്ധ സമിതിയുടെ നേതൃത്വത്തിൽ പഠനവും സമരവും സമന്വയിപ്പിച്ചുകൊണ്ടുള്ള ധീരവും വേറിട്ടതുമായ പോരാട്ടങ്ങളിലൂടെ 2900 കുടുംബങ്ങൾക്ക് പൊലൂട്ടർ പെയ്സ് തത്വപ്രകാരം സൗജന്യ കുടിവെള്ളവും 3200 കുടുംബങ്ങൾക്ക് സൗജന്യ ആരോഗ്യ ഇൻഷൂറൻസ് പദ്ധതിയും പ്രാവർത്തികമാക്കാൻ കഴിഞ്ഞു. സെലിബ്രിറ്റികളുടെ അകമ്പടിയില്ലാതെ തദ്ദേശീയമായി കരുപ്പിടിപ്പിക്കുന്ന തന്ത്രങ്ങളും സമരങ്ങളും പഠനങ്ങളുമാണ് സമാനതകളില്ലാത്ത ഈ വിജയത്തിന് കാരണം.

**വെള്ളം**

ഏലൂരിലെ ഭൂഗർഭ ജലസ്രോതസ്സുകളെ മലിനമാക്കിയ മാലിന്യവാഹകരാണ് പെരിയാറും കുഴിക്കണ്ടം തോടും. പെരിയാറിന്റെ ഏറ്റിറക്കങ്ങൾക്കനുസരിച്ച് വെള്ളം കയറുകയും ഇറങ്ങുകയും ചെയ്യുന്ന ഏലൂരിലെ ഒന്നര കിലോമീറ്റർ നീളമുള്ളതും ഏലൂരിന്റെ വടക്കുപടിഞ്ഞാറൻ പ്രദേശങ്ങളിൽ വ്യാപിച്ചു കിടക്കുന്നതുമായ കുഴിക്കണ്ടം തോട്. വിവിധ പഠനങ്ങൾ അനുസരിച്ച് ഈ തോടിൽ 111-ലധികം രാസവിഷഘടകങ്ങൾ അടിഞ്ഞു കൂടിയിട്ടുള്ളതായും അതിൽ തന്നെ 40-ൽ അധികം ഓർഗാനോ ക്ലോറിൻ സംയുക്തങ്ങൾ അഥവാ പോപ്സ് മാലിന്യങ്ങളാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ തോട് ഇന്ന് പ്രദേശവാസികൾക്ക് ഒരു ബാധ്യതയായി തീർന്നിരിക്കുന്നു.

ഏലൂരിലെയും എടയാറിലെയും വ്യവസായ ശാലകൾ അവരുടെ മാലിന്യം ഒഴുക്കുവാനുള്ള ഇടമായാണ് പെരിയാറിനെ കണ്ടിരുന്നത്. ഈ സാധ്യതയെ എല്ലാ കമ്പനികളും ഏറ്റവും കൗശലപൂർവ്വം വർഷങ്ങളോളം ദുരുപയോഗം ചെയ്തു. പെരിയാറിലേക്ക് നേരിട്ട് മാലിന്യമൊഴുക്കാൻ കഴിയാതിരുന്ന പല കമ്പനികളും കുഴിക്കണ്ടംതോട് വഴി അവരുടെ കൃത്യം നിർവ്വഹിച്ചു. ബന്ധപ്പെട്ട നിയമങ്ങൾ ഇല്ലാതിരുന്ന, 1974 വരെ നിയമവിധേയമായും അതിനുശേഷം (ഇപ്പോഴും) നിയമ വിരുദ്ധമായും ഇത് തുടർന്നുകൊണ്ടിരിക്കുന്നു. ആത്യന്തികമായി ഏലൂരിലെ 92 ശതമാനം ജലസ്രോതസ്സുകളും മലിനീകരിക്കപ്പെടുകയും ഉപയോഗശൂന്യമാവുകയും ചെയ്തു. എടയാറിലാകട്ടെ ബിനാനി സിങ്കിന്റെ വൻ ജെറോസൈറ്റ് ശേഖരം ആ പ്രദേശത്തിന്റെ ജലസ്രോതസ്സുകൾ 100 ശതമാനവും മലിനമാക്കി.

പെരിയാറിന്റെ അടിത്തട്ടിൽ അടിഞ്ഞുകൂടിയ ഘനലോഹങ്ങൾ അപകടകരമായ തോതിലാണ്. കനേഡിയൻ സ്റ്റാന്റേർഡുമായി തട്ടിച്ചുനോക്കുമ്പോൾ പെരിയാറിലെ ഖനലോഹസാന്നിദ്ധ്യം (സിങ്ക് 150 ഇരട്ടി, ലെഡ് 100 ഇരട്ടി, കാഡ്മിയം 250 ഇരട്ടി) ക്രോമിയം, ഹെക്സവലന്റ് ക്രോമിയം, ഇരുമ്പ്, കോപ്പർ, കോബാൾട്ട്, മെഗ്നീഷ്യം, ഫോസ്ഫേറ്റ്, ഫ്ളൂറൈഡ്, കീടനാശിനികൾ, റേഡിയോ വികിരണ വസ്തുക്കൾ തുടങ്ങി എല്ലാത്തരം മാലിന്യങ്ങളും അപകട രേഖക്ക് മുകളിലാണ്. അടുത്ത കാലത്ത് കൊച്ചി യൂണിവേഴ്സിറ്റിയുടെ ഇൻഡസ്ട്രിയൽ ഫിഷറീസ് വിഭാഗം നടത്തിയ പഠനം നമുക്ക് ചില മുന്നറിയിപ്പുകൾ നൽകുന്നു. ഇതനുസരിച്ച് പെരിയാറിന്റെ ആരോഗ്യ സ്ഥിതി മനസ്സിലാക്കുന്നതിനുവേണ്ടി പാശ്ചാത്യരാജ്യങ്ങളിൽ ഉപയോഗിച്ചുവരുന്ന ആവാസവ്യവസ്ഥയുടെ ഘടന, ജലത്തിന്റെ രാസഗുണം, ജൈവ വൈവിധ്യവും പരിസ്ഥിതി ഘടകങ്ങളുമായുള്ള ബന്ധം എന്നീ 3 സൂചികകളുടെ അടിസ്ഥാനത്തിൽ ഏലൂരിലെ വിവിധ ഭാഗങ്ങളിൽ നിന്ന് ശേഖരിച്ച 68-ഓളം രാസ-ഭൗതിക ഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് സൂചികകൾ വികസിപ്പിച്ചെടുത്തത്. ഭൗമ-ആവാസ വ്യവസ്ഥയെ സ്വാധീനിക്കുന്ന 48 ഘടകങ്ങളെ അടിസ്ഥാനമാക്കിയുള്ള സൂചികയിൽ പ്രധാനമായും മണ്ണൊലിപ്പിന്റെ തീക്ഷ്ണത, പ്രതലത്തിന്റെ സ്വഭാവത്തിൽ വന്ന മാറ്റങ്ങൾ, ഒഴുക്കിന്റെ വേഗം എന്നിവ മുഖ്യമായും പ്രതിഫലിക്കുന്നു. ഇന്ത്യയിൽ ആദ്യമായാണ് ഒരു നദിക്കുവേണ്ടി ഇങ്ങനെയൊരു സൂചിക വികസിപ്പിക്കുന്നത്. ഈ സൂചിക മേത്താനത്തും അതിനുതാഴെയും 20-ഉം 24-ഉം ആണ്. സാമാന്യം തൃപ്തികരമായ ആരോഗ്യ സ്ഥിതിയുള്ള ഒരു നദിക്ക് ഇത് 50-ൽ കുറയാൻ പാടില്ല. പുഴയുടെ ഭൗതികഘടനയുടെ പൂർണ്ണമായ തകർച്ചയാണ് ഇത് കാണിക്കുന്നത്. ജലത്തിന്റെ ഗുണനിലവാര സൂചിക വികസിപ്പിച്ചെടുക്കാൻ 20-ഓളം രാസഘടകങ്ങൾ പരിശോധിക്കുകയുണ്ടായി. ജലഗുണനിലവാര സൂചിക ഏലൂരിലും മേത്താനത്തും യഥാക്രമം 202-177 ആയി കാണപ്പെട്ടു. ഈ സൂചിക 100-ൽ കവിഞ്ഞാൽ ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് മാനദണ്ഡമനുസരിച്ച് ജലം വീട്ടാവശ്യങ്ങൾക്ക്പോലും ഉപയോഗിക്കാൻ പാടില്ല.

**മണ്ണ്**

ഏലൂരിന്റെ താഴ്ന്ന പ്രദേശമായ വടക്കുപടിഞ്ഞാറ് ഭാഗം കുഴിക്കണ്ടം തോട് വഴി കമ്പനികൾ അവരുടെ രാസവിഷമാലിന്യങ്ങൾ ഒഴുക്കുന്നത് മൂലം വെള്ളത്തിലൂടെ എല്ലാ ഭാഗങ്ങളിലുമെത്തുകയും ഏലൂരിന്റെ ഈ പ്രദേശത്തെ ഭൂമി അത്യന്തം മലിനീകരിക്കപ്പെടുകയും ചെയ്തു. കൂടാതെ ഐ.ആർ.ഇ., എച്ച്.ഐ.എൽ., മെർക്കം, (എടയാറിൽ ബിനാനി സിങ്ക്, സി.എം.ആർ.എൽ, വിവിധ തുകൽ വ്യവസായ ശാലകൾ) അവരുടെ കോമ്പൗണ്ടിൽ തന്നെ രാസഅവശിഷ്ടങ്ങളുടെ വൻ ശേഖരം ഭൂമിക്കടിയിൽ യാതൊരുവിധ ശാസ്ത്രീയ മുന്നൊരുക്കങ്ങളുമില്ലാതെ കുഴിച്ചുമൂടിയിരിക്കുകയാണ്. ഇതിൽ നിന്നുള്ള ഒലിച്ചിറക്കം മൂലം വെള്ളവും മണ്ണും സമ്പൂർണ്ണമായി മലിനീകരിക്കപ്പെട്ടു. ഇതുമൂലം ശുദ്ധമായ ഭക്ഷ്യസാധനങ്ങളുടെ ഉത്പാദനത്തിന് യാതൊരുവിധ സാധ്യതയും ഇല്ലാത്ത വിധം മണ്ണ് മലിനീകരിക്കപ്പെട്ടു. ഏലൂരും എടയാറും ഉത്പാദിപ്പിച്ച ഭക്ഷ്യവസ്തുക്കളിൽ മാരക കീടനാശിനികളുടേയും ഘനലോഹങ്ങളുടെയും വൻ സാന്നിധ്യമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഏലൂരിലെയും എടയാറിലെയും പശുക്കളുടെ പാൽ പോലും ഉപയോഗശൂന്യമാണെന്ന് മണ്ണുത്തി കാർഷിക സർവ്വകലാശാല നടത്തിയ പഠനം വെളിപ്പെടുത്തുന്നു. ഈ പ്രദേശങ്ങളിൽ നിന്നും ശേഖരിച്ച കോഴിമുട്ടയിൽ ഡയോക്സിന്റെ സാന്നിധ്യം ഉണ്ട് എന്നുള്ളത് വിഷയത്തിന്റെ ഭീകരത നമ്മെ ബോധ്യപ്പെടുത്തുന്നു.

**വായു**

270-ഓളം ചെറുകിട-ഇടത്തരം-വൻകിട കമ്പനികളാണ് ഏലൂർ എടയാർ മേഖലയുടെ വായുവിന്റെ ഗു

ണനിലവാരം നിർണ്ണയിക്കുന്നത്. ഉത്പാദന പ്രക്രിയയിൽ അന്തരീക്ഷത്തിലേക്ക് പുറന്തള്ളുന്ന രാസവിഷവായു, ഉത്പാദനത്തിനിടയിലും ചരക്കുനീക്കങ്ങൾക്കിടയിലും ഉണ്ടാകുന്ന ചോർച്ച, കീടനാശിനികൾ ഉത്പാദിപ്പിക്കുന്ന കമ്പനികളിലെ മലിനാവശിഷ്ടങ്ങൾ കത്തിക്കുമ്പോൾ ഡയോക്സിൻ തുടങ്ങിയ മാരകവിഷങ്ങൾ അന്തരീ ക്ഷത്തിലേക്ക് പുറന്തള്ളപ്പെടുന്നുണ്ട്. മലിനീകരണ നിയന്ത്രണ ബോർഡും മറ്റു ഏജൻസി കളും ആമ്പിയന്റ് എയർ ക്വാളിറ്റി നോക്കുമ്പോൾ സാധാരണ പരാമീറ്ററുകളിൽ കാണുന്ന സൾഫർഡൈഓക്സൈഡ്, കാർബൺ മോണോക്സൈഡ്, ഹൈഡ്രജൻ സൾഫൈഡ്, നൈട്രജൻ സംയുക്തങ്ങൾ തുടങ്ങിയവ മാത്രമാണ് പരിശോധിക്കപ്പെടുന്നത്. എന്നാൽ കമ്മ്യൂണിറ്റി മോണിറ്ററിങ്ങിന്റെ ഭാഗമായി എടുത്ത വായുവിന്റെ സാമ്പിളിൽ ബെൻസീൻ, കാർബൺഡൈസൾഫൈഡ്, ക്ലോറോഫോം, കാർബൺ ടെട്രാ ക്ലോറൈഡ്, ഹെക്സാ ക്ലോറോ ബ്യൂട്ടാഡൈൻ അടക്കം നിരവധി രാസവിഷസംയുക്തങ്ങൾ കണ്ടെത്തിയിരുന്നു. ഇത് ഈ പ്രദേശത്ത് ജനങ്ങൾക്കിടയിൽ വർധിച്ചുവരുന്ന ശ്വാസകോശരോഗങ്ങൾക്ക് കാരണമാകുന്നുണ്ട്.

**രാസദുരന്തഭീഷണി**

ചെറുതും വലുതുമായ ഡസൻ കണക്കിന് രാസദുരന്തങ്ങൾ ഏലൂർ എടയാർ മേഖലയിൽ അടക്കം സംഭവിച്ചപ്പോഴും അതൊഴിവാക്കാനോ ആവർത്തിക്കാതിരിക്കാനോ ഉള്ള ഇടപെടലുകൾ അധികാരികളുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. ഏറ്റവും ഒടുവിൽ 2004 ജൂലൈ 6-ന് ഏലൂരിലെ എച്ച്.ഐ.എൽ. കമ്പനിയിലെ എൻഡോസൾഫാൻ പ്ലാന്റിലുണ്ടായ തീപിടുത്തം, ജനങ്ങളുടെ ഭീതിദമായ കൂട്ടപലായനം എല്ലാം നടന്നിട്ടും ബന്ധപ്പെട്ട ജില്ലാ ഭരണാധികാരികൾ അടക്കം രാവിലെ 10 മണിക്കു ശേഷം മാത്രമാണ് ആംബുലൻസും ഡോക്ടർമാരുമായി എത്തിച്ചേർന്നത്. പ്ലാന്റ് കത്തിക്കൊണ്ടിരിക്കുമ്പോൾ എന്ത് പ്രതിവിധികളാണ് നാട്ടുകാരടക്കം എടുക്കേണ്ടതെന്ന ചോദ്യത്തിന് വ്യക്തമായ ഉത്തരം നൽകാനോ മരണഭീതിയാൽ ഓടുന്ന ജനങ്ങൾക്ക് സഹായം എത്തിക്കാനോ കഴിഞ്ഞില്ല എന്നത് വരാനിരിക്കുന്ന ദുരന്തത്തിൽ എന്തു സംഭവിക്കും എന്നതിന്റെ സൂചനയാണ്.

> മലിനീകരണ നിയന്ത്രണ ബോർഡിന്റെ അശാസ്ത്രീയ ഘടന പരിഷ്ക്കരിക്കുകയും നിയമലംഘനങ്ങൾ നടക്കുന്നത് ശ്രദ്ധയിൽപെട്ടാൽ ആ വ്യവസായ സ്ഥാപനങ്ങൾക്കെതിരെ അടച്ചുപൂട്ടൽ, പിഴ എന്നിവ ഉൾപ്പെടെ ഉടനടി ശിക്ഷ നടപ്പാക്കാനുള്ള അധികാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുകയും അതോടൊപ്പം വായു മലിനീകരണം കാര്യക്ഷമമായി മോണിറ്റർ ചെയ്യുന്നതിനും ഡയോക്സിൻ ഉൾപ്പെടെയുള്ളവ കണ്ടെത്തുന്നതിനും, റേഡിയോ വികിരണങ്ങൾ അളക്കുന്നതിനുമുള്ള അത്യന്താധുനിക സജ്ജീകരണങ്ങളും ബോർഡിൽ ഒരുക്കുക.

**മലിനീകരണ വിരുദ്ധ സമിതിയുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും**

1) ഏലൂർ എടയാർ വ്യവസായ മേഖലയിൽ ജല മലിനീകരണ നിയന്ത്രണ നിയമം, വായു മലിനീകരണ നിയന്ത്രണ നിയമം, അപകടങ്ങളായ മാലിന്യങ്ങളെ സംബന്ധിച്ച നിയമം, പരിസ്ഥിതി സംരക്ഷണ നിയമം എന്നിവ അവയുടെ അന്തസത്തയിൽ നടപ്പിലാക്കുന്നതിനും പെരിയാർ പുനരുജ്ജീവനത്തിനുമായി നിയമപരമായ അധികാരങ്ങളോടുകൂടിയ ഒരു പ്രത്യേക കമ്മിറ്റി രൂപീകരിക്കുക.

2) വ്യവസായ ശാലകളിൽ നിന്നുള്ള തുടർ മലിനീകരണം സമ്പൂർണ്ണമായി തടയുക. എല്ലാ കമ്പനികളും സീറോ ഡിസ്ചാർജ്ജ് (വെള്ളം, വായു) സമയബന്ധിതമായി കൈവരിക്കുക.

3) ഇന്ത്യയിലെ പ്രധാന പൊതുമേഖലാ സ്ഥാപനവും ഡി.ഡി.റ്റി ഉൽപ്പാദിപ്പിക്കുന്ന ഏക സ്ഥാപനവുമായ ഹിന്ദുസ്ഥാൻ ഇൻസെക്റ്റിസൈഡ്സ് ലിമിറ്റഡ് ഉൽപ്പാദിപ്പിക്കുന്ന എല്ലാ കീടനാശിനികളും സ്റ്റോക്ക്ഹോം കൺവൻഷന്റെ പരിധിയിൽ വരുന്നതിനാൽ ഏതാനും വർഷങ്ങൾക്കുള്ളിൽ തന്നെ ഈ കീടനാശിനികളെല്ലാം തന്നെ ഭൂമുഖത്തുനിന്ന് നിർമ്മാർജ്ജനം ചെയ്യപ്പെടുമെന്നതിനാൽ അപകടകാരികളായ ഈ കീടനാശിനികളുടെ ഉൽപ്പാദനം അവസാനിപ്പിക്കുകയും ഉണ്ടായ നാശനഷ്ടങ്ങൾക്ക് സ്റ്റോക്ക്ഹോം കൺവൻഷൻ പറയുന്ന പ്രതിവിധികൾ നടപ്പാക്കാൻ അധികാരികൾ തയ്യാറാവുകയും ചെയ്യുക.

4) ഏലൂരിലെ കുഴിക്കണ്ടം തോടും പരിസരവും, എടയാർ ബിനാനി സിങ്ക് പരിസരം, പെരിയാർ എന്നിവിടങ്ങളിലുണ്ടായ പരിസ്ഥിതി നാശവും ജൈവവൈവിധ്യ ശോഷണവും സംബന്ധിച്ച കണക്കെടുപ്പ് നടത്തി സ്റ്റോക്ക്ഹോം കൺവൻഷൻ തീരുമാനങ്ങൾ, നാഷണൽ ഇംപ്ലിമെന്റേഷൻ പ്ലാൻ, മറ്റ് സ്രോതസ്സുകൾ എന്നിവ ഉപയോഗപ്പെടുത്തി ഡീകണ്ടാമിനേഷൻ ഉൾപ്പെടെയുള്ള ശാസ്ത്രീയമായ പരിഹാര മാർഗ്ഗങ്ങൾ തുടങ്ങിയവ അവലംബിക്കുക.

5) അപകടകരങ്ങളായ മാലിന്യങ്ങളെ സംബന്ധിച്ച് നിയമത്തിന്റെ പരിധിയിൽ വരുന്ന മുഴുവൻ വ്യവസായ സ്ഥാപനങ്ങളുടെയും മാസ് ബാലൻസ് എടുക്കുക.

6) ജലമലിനീകരണ നിയന്ത്രണ

നിയമത്തിന്റെ പരിധിയിൽ വരുന്ന എല്ലാ വ്യവസായ സ്ഥാപനങ്ങളിലും വാട്ടർ ബഡ്ജറ്റിങ്ങ് (ബാലൻസ്) കർശനമായി നടപ്പിലാക്കുക. ജല നിർഗ്ഗമന കുഴലുകളിൽ ട്രേയ്സറുകൾ സ്ഥാപിച്ച് അതിനെ ഓൺലൈൻ മോണിറ്ററുമായി ബന്ധിപ്പിക്കുക.

7) വ്യവസായിക ആവശ്യത്തിനുള്ള ജലം സർക്കാർ നിയന്ത്രണത്തിലുള്ള ഒരു പൊതുസംവിധാനത്തിൽ നിന്നും എല്ലാ കമ്പനികൾക്കും നൽകുകയും നിർഗ്ഗമന ജലം ഈ പൊതു സംവിധാനത്തിന്റെ മീറ്ററിലൂടെ പുറന്തള്ളുകയും ചെയ്യുക. എടുക്കുന്ന ജലത്തിനും പുറന്തള്ളുന്ന ജലത്തിനും മാലിന്യത്തിന്റെ തോത് അനുസരിച്ച് വ്യത്യസ്ത നിരക്കുകൾ ഈടാക്കുക.

8) അന്താരാഷ്ട്ര കൺവൻഷൻ തീരുമാനങ്ങൾ നിർദ്ദേശിക്കുന്ന പൊലൂട്ടൻസ് റീലീസ് ട്രാൻസ്ഫർ രജിസ്റ്റർ (പി.ആർ.ടി.ആർ.) എല്ലാ വ്യവസായ സ്ഥാപനങ്ങളിലും നടപ്പിലാക്കുക.

9) മലിനീകരണ നിയന്ത്രണ ബോർഡിന്റെ അശാസ്ത്രീയ ഘടന പരിഷ്ക്കരിക്കുകയും നിയമലംഘനങ്ങൾ നടക്കുന്നത് ശ്രദ്ധയിൽ പെട്ടാൽ ആ വ്യവസായ സ്ഥാപനങ്ങൾക്കെതിരെ അടച്ചുപൂട്ടൽ, പിഴ എന്നിവ ഉൾപ്പെടെ ഉടനടി ശിക്ഷ നടപ്പാക്കാനുള്ള അധികാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുക. അതോടൊപ്പം വായു മലിനീകരണം കാര്യക്ഷമമായി മോണിറ്റർ ചെയ്യുന്നതിനും ഡയോക്സിൻ ഉൾപ്പെടെയുള്ളവ കണ്ടെത്തുന്നതിനും, റേഡിയോ വികിരണങ്ങൾ അളക്കുന്നതിനുമുള്ള അത്യന്താധുനിക സജ്ജീകരണങ്ങളും ബോർഡിൽ ഒരുക്കുക.

10) ഏലൂർ മേഖലയിൽ കുഴിച്ചു മൂടിയിട്ടുള്ള ഡി.ഡി.റ്റി., എൻഡോസൾഫാൻ, ബി.എച്ച്.സി. തുടങ്ങിയ അപകടകാരികളായ കീടനാശിനികളുടേയും എടയാറിലെ അപകടകരങ്ങളായ മാലിന്യങ്ങളുടേയും സ്റ്റോക്ക്പൈൽസിന്റേയും കണക്കെടുപ്പ് നടത്തി സുരക്ഷിതമായി നിർമ്മാർജ്ജനം ചെയ്യുക.

11) ഐ.ആർ.ഇ. യുടെ ഉൽപ്പാദന അവശിഷ്ടങ്ങളായ തോറിയം, മെസോതോറിയം, കാരിയം തുടങ്ങിയ ആണവ വികിരണ മാലിന്യങ്ങൾ ഏലൂരിലും പെരിയാറിലും ഉണ്ടാക്കിയിട്ടുള്ള ഗുരുതരമായ ആഘാതത്തെ സംബന്ധിച്ച് ബി.എ.ആർ.സി, കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം, കെ.എസ്.പി.സി.ബി, മറ്റ് സ്വതന്ത്ര സ്ഥാപനങ്ങൾ എന്നിവയെ ഉൾപ്പെടുത്തി സ്വതന്ത്ര പഠനം നടത്തുകയും നിലവിൽ ഐ.ആർ.ഇ യുടെ കോമ്പൗണ്ടിൽ അശാസ്ത്രീയമായി കുഴിച്ചു മൂടിയിട്ടുള്ള മുഴുവൻ ആണവ വികിരണ മാലിന്യങ്ങളും മനുഷ്യവാസമില്ലാത്ത മറ്റൊരു സ്ഥലത്തേക്ക് മാറ്റി സ്ഥാപിച്ച് ഈ പ്രദേശം പുനരുദ്ധരിക്കുകയും ചെയ്യുക.

12) വ്യവസായ മലിനീകരണം പെരിയാറിലെ ആവാസ വ്യവസ്ഥയിലുണ്ടാക്കിയ ആഘാതം ജൈവ വൈവിധ്യ ശോഷണം, ഉൾനാടൻ മത്സ്യ സമ്പത്തിന്റെ നഷ്ടം, പൊക്കാളി കൃഷി എന്നിവയിലുണ്ടായ നാശം ഇവ സംബന്ധിച്ച് ജൈവ വൈവിധ്യ ബോർഡ്, കൊച്ചി യൂണിവേഴ്സിറ്റിയിലെ ഇൻഡസ്ട്രിയൽ ഫിഷറീസ്, കെമിക്കൽ ഓഷ്യാനോഗ്രാഫി, പരിസ്ഥിതി പ്രവർത്തകർ എന്നിവരെ ഉൾക്കൊള്ളിച്ച് പഠനം നടത്തി പരിഹാര മാർഗ്ഗങ്ങൾ ആരായുക.

13) കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം ഏർപ്പെടുത്തിയ മോറട്ടോറിയത്തിന്റെ സമയ പരിധിയായ 2010 സെപ്റ്റംബറിനു മുമ്പായി എല്ലാ വ്യവസായ സ്ഥാപനങ്ങളും അവയുടെ ഉൽപ്പാദനശേഷിക്ക് അനുസൃതമായ മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ ഒരുക്കാത്ത പക്ഷം ഇവ ഒരുക്കുന്നത്വരെ ടി കമ്പനികളുടെ പ്രവർത്തനം നിർത്തി വയ്ക്കുക. ഇതിലേക്കായി എല്ലാ വ്യവസായ സ്ഥാപനങ്ങൾക്കും ഇത് സംബന്ധിച്ച് നോട്ടീസ് പി.സി.ബി. ഉടൻ നൽകുക. മലിനീകരണ നിയന്ത്രണ നിയമങ്ങൾ തുടർച്ചയായി ലംഘിക്കുന്ന കമ്പനികളും അത് നിയന്ത്രിക്കേണ്ട ഉദ്യോഗസ്ഥരേയും ഒരേ പോലെ ശിക്ഷയുടെ പരിധിയിൽ കൊണ്ടുവരുക.

14) വിവിധ വ്യവസായ സ്ഥാപനങ്ങൾ പെരിയാറിന്റെ തീരത്ത് സ്ഥാപിച്ചിട്ടുള്ള മാലിന്യ സംഭരണികൾ ഉടൻ മാറ്റി സ്ഥാപിക്കുക. പെരിയാറിലേക്കും സമീപ പ്രദേശങ്ങളിലേക്കും മറ്റ് ജല സ്രോതസ്സുകളിലേക്കും പുറമെ നിന്ന് കൊണ്ട് തള്ളുന്ന അറവ് മാലിന്യങ്ങൾ, സെപ്റ്റിക് ടാങ്ക്, രാസ മാലിന്യങ്ങൾ എന്നിവ തടയുന്നതിന് വിവിധ പാലങ്ങളിൽ ചെക്ക് പോസ്റ്റുകൾ സ്ഥാപിക്കുക.

15) വിശാല കൊച്ചി മേഖലയിലെ വെള്ളം, വായു, മണ്ണ് മറ്റ് വിഭവങ്ങൾ എന്നിവയെ സംബന്ധിച്ച് ഒരു വാഹകശേഷി പഠനം നടത്തുക. ഇതിന്റെ അടിസ്ഥാനത്തിൽ മാത്രമേ പുതിയ വ്യവസായങ്ങൾക്ക് അനുമതി നൽകാവൂ.

16) ഏലൂർ എടയാർ മേഖലയിൽ സമഗ്രമായ രാസദുരന്ത നിവാരണ പദ്ധതി (Comprehensive Chemical Disaster Management Plan ) നടപ്പിലാക്കുക. ജില്ലാ തലത്തിൽ പ്രവർത്തിക്കുന്ന രാസദുരന്ത നിവാരണ സമിതിയുടെ കാര്യശേഷിയെ സംബന്ധിച്ച് സ്വതന്ത്രമായ വിലയിരുത്തലും പഠനവും ആവശ്യമാണ്. ജില്ലാതല സമിതിയുടെ ഘടനയിൽ താലൂക്ക് തലത്തിലും പഞ്ചായത്ത് തലത്തിലും രാസ ദുരന്തനിവാരണ സമിതി രൂപീകരിക്കുക.

17) ഏലൂരിലെയും എടയാറിലെയും ഭക്ഷ്യശൃംഖലയിൽ കടന്ന് കൂടിയിട്ടുള്ള വിഷ വസ്തുക്കളുടെ ആധിക്യം ജനങ്ങളുടെ ആരോഗ്യത്തിന് ഗുരുതരമായ ഭീഷണി ഉയർത്തുന്ന സാഹചര്യം മുൻനിർത്തി സുരക്ഷിത ഭക്ഷണം എന്ന മൗലിക അവകാശം ഉറപ്പ് വരുത്തുക.

ബന്ധങ്ങൾക്ക്: 9497202005